## പ്രോജക്ട് റിപ്പോർട്ടിനുള്ള മാർഗനിർദേശങ്ങൾ

സംഘം ധനസഹായത്തിനുള്ള പ്രോജക്ട് തയ്യാറാക്കുമ്പോൾ താഴെ വിവരിക്കുന്ന വിവരങ്ങൾ ഉൾകൊള്ളിക്കണം.

1. സംഘം രജിസ്റ്റർ ചെയ്ത തീയതി.
2. സംഘം പ്രവർത്തനം ആരംഭിച്ച തീയതി
3. സംഘത്തിന്റെ പ്രവർത്തന പരിധി
4. സംഘത്തിന്റെ പ്രവർത്തന പരിധിയിലെ പ്രധാന കൃഷികൾ
5. പ്രധാന ഉല്പന്നങ്ങളും, അവയിൽ സംഘം വിപണനം നടത്തുന്ന ഉല്പന്നങ്ങളും
6. സംഘത്തിലെ അംഗങ്ങളുടെ ഓഹരി മൂലധനം
7. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ സംഘത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട്.
8. അടുത്ത 5 വർഷത്തേയ്ക്കുള്ള പ്രവർത്തന പദ്ധതി (BDP)
9. സംഘത്തിന്റെ മാനേജ്മെന്റ് സംബന്ധിച്ച വിവരങ്ങൾ - തെരഞ്ഞെടുത്ത ഭരണസമിതി/ അഡ്മിനിസ്ട്രേറ്റർ. ഭരണസമിതി തിരഞ്ഞെടുത്ത തിയതി, ഭരണ സമിതി അംഗങ്ങളുടെ എണ്ണം, കാലാവധി മുതലായവ.
10. സംഘത്തിലെ ജീവനക്കാരുടെ വിവരങ്ങൾ, ഇതിൽ ജീവനക്കാരുടെ തസ്തിക, ജോലി പരിചയം, വിദ്യാഭ്യാസ യോഗ്യത, ഇപ്പോൾ വാങ്ങുന്ന ശമ്പളം മുതലായവ ഉൾകൊള്ളിക്കണം.
11. സംഘത്തിനു നിലവിലുള്ള ധനസഹായങ്ങളുടെ വിവരങ്ങൾ - ലഭ്യമാക്കുന്ന ഏജൻസിയുടെ വിവരങ്ങളും, (ഗവ., നബാർഡ്, എൻ.സി.ഡി.സി തുടങ്ങിയവ)
12. സംഘത്തിന്റെ പ്രവർത്തനം സംബന്ധിച്ച മറ്റിതര കാര്യങ്ങളും, വ്യാപാരം വികസിപ്പിക്കുന്നതിന് ബാധകമാകുന്ന മറ്റു കാര്യങ്ങളും റിപ്പോർട്ടിൽ കാണിച്ചിരിക്കണം.
13. സംഘത്തിന്റെ നിലവിലുള്ള ബാദ്ധ്യതകൾ, ജില്ലാ ബാങ്കിലേയ്ക്കും, ഗവൺമെന്റിലേയ്ക്കും അടയ്ക്കാനുള്ളത്, അതിൽ കുടിശിഖ മുതലായവ കാണിച്ചിരിക്കണം.

**അപേക്ഷ നല്കുമ്പോൾ സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ**

1. സംഘം കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ്
2. പ്രോജക്ട് റിപ്പോർട്ട്.
3. ബൈലോയുടെ പകർപ്പ്, നാളിതുവരെയുള്ള ഭേദഗതി.
4. സംഘത്തിന്റെ ഏറ്റവും അവസാനത്തെ ഓഡിറ്റ് ചെയ്ത വ്യാപാര കണക്ക്, ലാഭനഷ്ട് കണക്ക്, ബാക്കി പത്രം ഇവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
5. ഓഡിറ്റ് ചെയ്തതിനുശേഷമുള്ള സംഘത്തിന്റെ ഓരോ വർഷത്തെയും വ്യാപാര കണക്ക്, ലാഭനഷ്ട് കണക്ക്, ബാക്കി പത്രം ഇവയുടെ പകർപ്പ്.
6. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ സംഘത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട്.
7. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറിൽനിന്നും സംഘത്തിൽ പണപരമായ കൃത്രിമങ്ങൾ ഒന്നും നടന്നിട്ടില്ലയെന്നും, ഗവൺമെന്റിലേയ്ക്ക് യാതൊരുവിധ കുടിശിഖയും അടയ്ക്കുവാൻ ഇല്ല എന്നും കാണിക്കുന്ന സർട്ടിഫിക്കറ്റ്.
8. പ്ലാൻ & എസ്റ്റിമേറ്റ്.
9. വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനത്തിന്റെ ക്വട്ടേഷൻ അംഗികൃത വ്യാപാരികളിൽ നിന്ന്.

**പൊതുവായ നിർദേശങ്ങൾ**

- പദ്ധതിയുടെ അനുകൂല്യം ഏത് ആവശ്യത്തിനായാണൊ സ്വികരിച്ചിരിക്കുന്നത് പ്രസ്തുത ആവശ്യത്തിനായി മാത്രമേ തുക വിനിയോഗിക്കാവു.
- പദ്ധതിയുടെ സാമ്പത്തിക സഹായത്താൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾ, വാങ്ങുന്ന ഉപകരണങ്ങൽ എന്നിവയിൽ "NCDC Assisted/ Sponsored Project" എന്ന് രേഖപ്പെടുത്തിയിരിക്കണം.
- ഐ.സി.ഡി.പി ധനസഹായം ഉപയോഗിച്ച് സംഘം നിർമ്മിച്ചിരിക്കുന്ന / വാങ്ങിച്ചിരിക്കുന്ന എല്ലാ വസ്തുക്കളും അതിന്റെ മൊത്ത വിലയ്ക്ക് ഇൻഷുർ ചെയ്യേതാണ്.
- അപേക്ഷഫാറത്തിന്റെയും മുകളിൽ സൂചിപ്പിച്ചിട്ടുള്ള അനുബന്ധങ്ങളുടെയും രണ്ടു കോപ്പികൾ വീതം ഹാജരാക്കണം.

❖ ഉപകരണങ്ങൾ വാങ്ങിയതിനുള്ള തുക കമ്പനിക്ക് ഡിമാന്റ് ഡ്രാഫ്റ്റായി നല്കുന്നു.

14) ഓഫീസ് കെട്ടിടം, ഗോഡൗൺ, മെമ്പേഴ്സ് കോൺഫറൻസ് ഫാൾ, ഏലം സംസ്കരണ കേന്ദ്രം, തേയില ഫാക്റ്ററി, തുടങ്ങിയവയുടെ നിർമ്മാണത്തിനും, നവികരണത്തിനും അപേക്ഷ നൽകുമ്പോൾ താഴെ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. ഓഫീസ് കെട്ടിടം, ഗോഡൗൺ, മെമ്പേഴ്സ് കോൺഫറൻസ് ഹാൾ എന്നിവക്ക് സ്വന്തമായി സ്ഥലം ഉണ്ടായിരിക്കണം.
2. സ്ഥലം സംബന്ധിച്ച താഴെ വിവരിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്തിരിക്കണം.
   1) വസ്തുവിന്റെ ആധാരം/ മുന്നാധാരം
   2) 13 വർഷത്തെ ബാധ്യത സർട്ടിഫിക്കറ്റ്
   3) വില്ലേജ് ഓഫീസിൽനിന്നും വാങ്ങിയ സൈറ്റ് പ്ലാനും, കൈവശ സർട്ടിഫിക്കറ്റും.
   4) നിർമ്മിക്കുവാൻ ഉദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും, എസ്റ്റിമേറ്റും
   5) പഞ്ചായത്ത്/ മുൻസിപാലിറ്റി എന്നിവയിൽനിന്നും കിട്ടിയിട്ടുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുവതിപത്രം.

15. പ്ലാൻ & എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. സംയോജിത സഹകരണ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ പ്ലാനും, എസ്റ്റിമേറ്റും സർക്കാർ/ അർദ്ധ സർക്കാർ മേഖലകളിൽ ജോലിയിലിരിക്കുന്ന അസിസ്റ്റന്റ് എൻജിനിയറിൽ കുറയാത്ത പദവിയിലുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് എൻ.സി.ഡി.സിയുടെ/ സർക്കാരിന്റെ നിബന്ധനകൾക്ക് അനുസൃതമായി തയ്യാറാക്കേണ്ടതാണ്.
2. കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ നിരക്കുകൾ (പി.ഡബ്ല്യൂ.ഡി റേറ്റ്) അനുസരിച്ചായിരിക്കണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്.
3. ഗോഡൗണിനു പ്ലാൻ തയ്യാറാക്കുബോൾ ഒരു ക്യൂബിക്ക് മീറ്ററിന് 4 ടൺ സ്റ്റോറേജ് സൗകര്യം ലഭിക്കുമെന്ന് ഉറപ്പു വരുത്തിയിരിക്കണം.

4. സ്റ്റോറേജിനുള്ള സൗകര്യം ഗ്രൗണ്ട് ഫ്ളോറിൽ തന്നെ നിർദേശിക്കേണ്ടതും ഗോഡൗണിന്റെ ഉയരം കുറഞ്ഞത് 3.97 മീറ്റർ വരുമെന്നും ഉറപ്പുവരുത്തിയിരിക്കണം.

16. നിർമ്മാണ പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച നിബന്ധനകൾ

1. ഐ.സി.ഡി.പി യിൽ നിന്നും അറിയിപ്പ് ലഭിക്കുന്നമുറയ്ക്ക് സംഘങ്ങൾ ആവശ്യമായ എഗ്രിമെന്റ് വയ്ക്കേണ്ടതും, നിർമ്മാണ പ്രവർത്തനങ്ങൾ സംഘങ്ങൾ നേരിട്ട്/ കോൺടാക്ടർമാരെക്കൊണ്ട് നടത്തുവാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിന്റെ വിവരം സമർപ്പിക്കേണ്ട തുമാണ്.
2. കെട്ടിടം പണിയുടെ നിർമ്മാണ ചുമതല ടെൻഡർ നടപടികളിലൂടെ കോൺട്രാക്ടർമാർക്ക് നല്കുവാനാണ് സംഘം ഉദ്ദേശിക്കുന്നതെങ്കിൽ ടെൻഡർ നടപടികൾ സംഘം നേരിട്ട് നടത്തേണ്ടതും, അന്തിമ അംഗികാരത്തിനു മുൻപായി ജില്ലാ സഹകരണ ബാങ്കിലെ ഐ.സി.ഡി.പി വിഭാഗത്തിൽ രൂപികരിച്ചിട്ടുള്ള ടെൻഡർ കമ്മിറ്റിയുടെ ക്ലിയറൻസ് വാങ്ങിയിരിക്കേണ്ടതാണ്.
3. കെട്ടിട നിർമ്മാണത്തിനുള്ള ടെൻഡർ ഉറപ്പിക്കുന്നത് ഐ.സി.ഡി.പിക്കുവേണ്ടി രൂപികരിച്ചിട്ടുള്ള ടെൻഡർ കമ്മിറ്റി ആയിരിക്കും.
4. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള വായ്പയുടെ രണ്ടാം ഗഡു/തവണ ലഭിക്കുന്നതിനു മുൻപായി ഭിത്തി നിർമ്മാണം കട്ടിളനിരപ്പിനൊപ്പം പൂർത്തിയായിരിക്കണം.
5. വായ്പ തുകയുടെ വിനിയോഗം ഐ.സി.ഡി.പി യിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് ബോധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും വായ്പയുടെ അടുത്ത ഗഡു/തവണ വിതരണം ചെയ്യുക.
6. അവസാന തവണ പിൻവലിക്കുന്നതിന് മുൻപായി വായ്പ തുകയിൽ ബാക്കി നില്പുള്ള തുക കെട്ടിടം പണി പൂർത്തിയാക്കുന്നതിന് മതിയാകുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുള്ള നടപടികൾ സംഘത്തിന്റെ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.

8. നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്ന കോൺട്രാക്ടറുടെ ബില്ലുകൾ പേയ്മന്റ് നടത്തുന്നതിനു മുൻപായി സംഘത്തിന്റെ ഭരണസമിതി യോഗം അംഗീകരിക്കേണ്ടതും, അംഗികാരം നല്കുന്ന ഭരണസമിതി തീരുമാനത്തിന്റെ പകർപ്പോടുകൂടി നിർമ്മാണ അക്കൗണ്ടിൽ നിന്നും കോൺട്രാക്ടർക്ക് തുക നല്കുന്നതിനുള്ള അപേക്ഷ ഐ.സി.ഡി.പി പ്രോജക്ട് മാനേജർക്ക് നൽകേണ്ടതും, പ്രോജക്ട് മാനേജർ ചെക്കിൽ കൗണ്ടർ സിഗ്നേച്ചർ ചെയ്തിരിക്കേണ്ടതുമാണ്.
9. കോൺട്രാക്റ്റ് ഇടപാടുകളിൽ എന്തെങ്കിലും തർക്കമുണ്ടായാൽ അതിന്റെ പൂർണ ഉത്തരവാദിത്വം സംഘത്തിന് മാത്രമായിരിക്കും.

17. അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം/ ഉപകരണങ്ങൾ – (ക്യാഷ് കൗണ്ടർ, സ്ട്രോങ്ങ് റൂം, അയൺ സെയ്ഫ്, മിൽക് കൂളർ etc.) തുടങ്ങിയവക്ക് അപേക്ഷ നൽകുമ്പോൾ താഴെ വിവരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. സംഘത്തിന്റെ പ്രവർത്തനത്തിന് പുതിയതായി/ അധികമായി/ പഴക്കം ചെന്നവ മാറ്റുന്നതിനായി അപേക്ഷ നൽകാവുന്നതാണ്.
2. ബ്രാഞ്ചുകൾ ഉള്ള സംഘങ്ങൾക്ക് ആവശ്യമെങ്കിൽ അപേക്ഷ നൽകാവുന്നതാണ്.
3. അപേക്ഷയോടൊപ്പം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നവയുടെ പ്ലാൻ & എസ്റ്റിമേറ്റും, അംഗികൃത വ്യാപിരികളിൽനിന്നും വാങ്ങാൻ ഉദ്ദേശിക്കുന്നവയുടെ കൊട്ടേഷനും ഉള്ളടക്കം ചെയ്തിരിക്കണം.
4. അയൺ സെയ്ഫിനുള്ള അപേക്ഷയോടൊപ്പം ഏത് അളവിലുള്ള അയൺ സെയ്ഫാണെന്നും കാണിച്ചിരിക്കണം.

18. മാർജിൻ മണി

1. സംഘങ്ങളുടെ വ്യാപാര വികസനത്തിനായി, പലിശയില്ലാത്ത ഓഹരി മൂലധനമായി നല്കുന്ന തുകയാണിത്. മുൻ വർഷത്തെ വ്യാപാരവും, അടുത്ത വർഷത്തെ ടാർജറ്റും പ്രകാരമുള്ള അധിക വില്പന എത്രയാണെന്ന് കണക്കാക്കി അധിക വില്പന നടത്തുവാൻ ഒരു ടേണിന് ആവശ്യമായ തുകയാണ് ഇപ്രകാരം മാർജിൻ മണിയായി നല്കുന്നത്.

2. സംഘങ്ങൾ നടത്തുന്ന വിപണനപ്രവർത്തനങ്ങൾ, കൺസ്യൂമർ വ്യാപാരം, തുടങ്ങിയവയ്ക്ക് മാർജിൻ മണി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ സംഘത്തിന് വിപണന പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്ഥലസൗകര്യം ഉണ്ടായിരിക്കണം.
3. നിലവിൽ വ്യാപാരം ഉണ്ടായിരിക്കുകയും അവ വിപുലികരിക്കുന്നതിന് വേണ്ടിയുമായിരിക്കണം അപേക്ഷിക്കുന്നത്.

19. റീട്ടേയ്ൽ ഔട്ട്ലറ്റ്സ്

1. സംഘത്തിന്റെ പ്രവർത്തന പരിധിയിൽ കൺസ്യൂമർ സ്റ്റോർ, വളം ഡിപ്പോ, കൃഷി ഉപകരണങ്ങളുടെ വില്പന, മാവേലി സ്റ്റോർ ചില്ലറ വില്പനശാലകൾ മുതലായ റീട്ടേയ്ൽ ഔട്ട്ലറ്റ്സ് തുടങ്ങുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
2. അപേക്ഷ നല്കുമ്പോൾ സൗകര്യപ്രദമായ സ്ഥലം (ഗ്രൗണ്ട് ഫ്ളോർ) സ്വന്തമോ, വാടകയ്ക്കോ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അതിന്റെ തെളിവ് ഹാജരാ ക്കേണ്ടതുമാണ്.

20. ഫാർമേഴ്സ് സർവ്വിസ് സെന്റർ

1. സംഘത്തിലെ അംഗങ്ങൾക്ക് കാർഷിക ഉപകരണങ്ങൾ വാടകയ്ക്ക് നൽകുക/ ഗുണമേന്മയുള്ള വിത്തിനങ്ങൾ, വളങ്ങൾ, കീടനാശിനികൾ എന്നിവ വിതരണം ചെയ്യുക/ പരിശീലനം സിദ്ധിച്ച തോഴിലാളികളുടെ ഒരു ഗ്രൂപ്പ് രൂപികരിച്ച് കൃഷിക്കാർക്ക് ലഭ്യമാക്കക/ അംഗങ്ങൾക്ക് കൃഷിസംബന്ധമായ വിവരങ്ങൾ നൽകുക എന്നിവക്കായി ഫാർമേഴ്സ് സർവ്വിസ് സെന്റർ തുടങ്ങുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
2. അപേക്ഷ നല്കുമ്പോൾ ഫാർമേഴ്സ് സർവ്വിസ് സെന്റർ തുടങ്ങുന്നതിനാവശ്യമായ സ്ഥലം സ്വന്തമോ, വാടകയ്ക്കോ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അതിന്റെ തെളിവ് ഹാജരാക്കകയും വേണം.

21. പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിർമ്മാണം.

1. ടൗൺഷിപ്പ്,ദേശിയപാതയോടനുബന്ധിച്ച്പ്രവർത്തന പരിധിയുള്ള സംഘങ്ങൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. അപേക്ഷ നല്കുമ്പോൾ പബ്ലിക് കംഫർട്ട് സ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ സ്ഥലം സ്വന്തമോ, വാടകയ്ക്കോ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അതിന്റെ തെളിവ് ഹാജരാ ക്കേണ്ടതുമാണ്.

22. ഏലം സംസ്കരണ കേന്ദ്രം

1. ഏലം വ്യാപകമായി കൃഷി ചെയ്യുന്ന പ്രദേശത്തുള്ള സംഘങ്ങൾക്ക് സംസ്കരണ കേന്ദ്രം ആരംഭിക്കാവുന്നതാണ്.
2. ഇവയ്ക്ക് അപേക്ഷ നല്കുമ്പോൾ സംസകരണ കേന്ദ്രം തുടങ്ങുന്നതിനാവശ്യമായ സ്ഥലം സ്വന്തമോ, വാടകയ്ക്കോ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അതിന്റെ തെളിവ് ഹാജരാക്കുകയും വേണം.
3. പ്രസ്തുത കേന്ദ്രത്തിന് കുറഞ്ഞത് 500 കിലോ എങ്കിലും ഉണങ്ങുന്നതിനുള്ള സൗകര്യം ക്രമീകരിക്കേണ്ടതാണ്.

23. വാഹനങ്ങൾ

1. വാഹനങ്ങൾ വാങ്ങുന്നതിനുള്ള അപേക്ഷയോടൊപ്പം വാങ്ങുവാൻ ഉദ്ദേശിക്കുന്ന വാഹനത്തിന്റെ അംഗികൃത വ്യാപാരികളിൽ നിന്നും വാങ്ങിയ ക്വട്ടേഷൻ ഉള്ളടക്കം ചെയ്തിരിക്കണം.
2. സംഘത്തിന്റെ വ്യാപാര പ്രവർത്തനത്തിന് വാഹനത്തിന്റെ ആവശ്യകത/ ലഭ്യമാകുന്ന അധിക വരുമാനം/ തുകയുടെ തിരിച്ചടവ് എന്നിവ ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്.

**24. പദ്ധതി തുകയുടെ തിരിച്ചടവും, കാലാവധിയും**

ഐ.സി.ഡി.പി പദ്ധതിയുടെ ഭാഗമായി നൽകുന്ന തുക 8 വർഷത്തെ കാലാവധിക്കുള്ളിൽ തിരിച്ചടക്കേണ്ടതാണ്. പദ്ധതിയിൽ അനുവദിക്കുന്ന തുക പ്രധാനമായും, വായ്പ, മാർജിൻ മണി, മൂലധനം എന്നിങ്ങനെ മൂന്ന് തരത്തിലായിരിക്കും. മാർജിൻ മണി/ ഷെയർ ക്യാപിറ്റലായി നൽകുന്ന തുകക്ക് മൊറട്ടോറിയം ഉണ്ടായിരിക്കില്ല. ആദ്യഗഡു കൈപറ്റി ഒരു വർഷം പൂർത്തിയാകുമ്പോൾ

തിരിച്ചടവിന്റെ ആദ്യ തവണ അടച്ച് തുടങ്ങേണ്ടതാണ്. പ്രസ്തുത തുക 8 തുല്യഗഡുക്കളായി തിരികെ അടയ്ക്കേണ്ടതാണ്. അതേ സമയം വായ്പയായി ലഭിക്കന്ന തുക ആദ്യഗഡു ലഭിച്ച് 3 വർഷത്തിനുശേഷം 5 തുല്യഗഡുക്കളായി തിരിച്ചടച്ചാൽ മതിയാകും. വായ്പയായി ലഭിക്കുന്ന തുകക്ക് നിലവിലുള്ള പലിശ നിരക്ക് 12.75% ബാധകമായിരിക്കും. തിരിച്ചടവിൽ എന്തെങ്കിലും വീഴ്ച്ച വരുത്തിയാൽ സാധാരണ പലിശ നിരക്കിൽ, അതായത് നിലവിലുള്ള പലിശ നിരക്കിനേക്കാൾ 1 % അധികം പലിശനിരക്ക് ബാധകമായിരിക്കും. തിരിച്ചടവ് തവണകളിൽ കാലതാമസം ഉണ്ടായാൽ ആ കാലയളവിൽ സാധാരണ പലിശയിൻ മേൽ 2.5 ശതമാനമോ അതിലധികമോ പലിശ ഈടാക്കുന്നതാണ്.